പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം.

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 2520 — 19/12/2012 – ൽ മറുപടിക്ക്

## ജനറിക് മരുന്നുകൾ പൊതുജനങ്ങൾക്ക് സൗജന്യമായി ലഭിക്കുന്ന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.എഫ്.തോമസ്:<br>ശ്രീ. റ്റി.യു. കുരുവിള :<br>ശ്രീ. തോമസ് ഉണ്ണിയാടൻ : | (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ).ജനറിക് മരുന്നുകൾ പൊതുജനങ്ങൾക്ക് സൗജന്യമായി ലഭിക്കുന്ന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ ; | (എ).ആദായനികുതി അടയ്ക്കുന്നവർ ഒഴികെയുള്ള എല്ലാ വിഭാഗം രോഗികൾക്കും 2012 നവംബർമാസം ഒന്നു മുതൽ സൗജന്യ ജനറിക് മെഡിസിൻ വിതരണം ആരംഭിച്ചിട്ടുണ്ട്. ആദ്യഘട്ടമെന്ന നിലയിൽ 5 മെഡിക്കൽ കോളേജ് ആശുപത്രികളിലും 3 ജനറൽ ആശുപത്രികളിലുമാണ് ഇത് ആരംഭിച്ചത്. ഈ പദ്ധതിയിലൂടെ 939 ഇനം മരുന്നുകളാണ് വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നത്. അതിൽ ടെൻഡറും പുനർ ടെൻഡറും നടത്തിയിട്ടും ദാർഘാസുകൾ കിട്ടാതെയിരിക്കുകയും ഓർഡർ കൊടുത്ത ചില കമ്പനികൾ കാലതാമസം വരുത്തിയതിനാലും ഇപ്പോൾ 794 മരുന്നുകളാണ് ടെൻഡർ മുഖാന്തിരവും കാരുണ്യകമ്മ്യൂണിറ്റി ഫാർമസി വഴിയും വിതരണംചെയ്തുകൊണ്ടിരിക്കുന്നത്. ഈ പദ്ധതി എല്ലാ ആശുപത്രികളിലും ഘട്ടംഘട്ടമായി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| ബി).കൂടുതൽ ഔഷധങ്ങൾ പ്രസ്തുത പദ്ധതിയിലൂടെ ജനങ്ങൾക്ക് നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ; | (ബി). ഔഷധങ്ങൾ ഏതൊക്കെ വേണമെന്നത് തീരുമാനിക്കുന്നത് സീനിയർ ഡോക്ടർമാർ ഉൾപ്പെടുന്ന റാഷണൽ ഡ്രഗ് ലിസ്റ്റ് (ആർ.ഡി.എൽ) കമ്മിറ്റിയാണ്. ഇതിനായി തിരുവനന്തപുരം മെഡിക്കൽകോളേജ് ആശുപത്രിയിലെ പ്രിൻസിപ്പലിന്റെ നേതൃത്തിൽ ഒരു റാഷണലൈസേഷൻ കമ്മിറ്റി |

| | |
|---|---|
| | രൂപികരിച്ചിട്ടുണ്ട്. കമ്മിറ്റി നിർദ്ദേശിക്കുന്ന മരുന്നുകളാണ് കോർപ്പറേഷൻ വാങ്ങി വിതരണം ചെയ്തുവരുന്നത്. കൂടാതെ സ്പെഷ്യാലിറ്റി ചികിത്സയ്ക്കായുള്ളതും അപൂർവ്വമായ രോഗങ്ങൾക്കുള്ളതുമായ മരുന്നുകൾ, കോർപ്പറേഷന്റെ നിയന്ത്രണത്തിൽ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള ആശുപത്രികളിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി വഴി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി). ജീവൻരക്ഷാ മരുന്നുകൾ ഉൾപ്പടെ വിവധ ഔഷധങ്ങൾക്ക് വില നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്? | (സി). കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ആരംഭിച്ച കാരുണ്യാ കമ്മ്യൂണിറ്റി ഫാർമസികളിലൂടെ ജീവൻരക്ഷാ മരുന്നുകളും, മറ്റു ഔഷധങ്ങളും പൊതുവിപണിയിലെ വിലയെക്കാൾ 20 മുതൽ 90% വരെ വിലക്കുറവിൽ നൽകിവരുന്നു. തിരുവനന്തപുരം മെഡിക്കൽകോളേജിലും കല്ലറ സാമൂഹ്യ ആരോഗ്യകേന്ദ്രങ്ങളിലും പ്രാരംഭഘട്ടമെന്ന നിലയിൽ ആരംഭിച്ച ഈ സംരംഭം സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുന്നതിനുള്ള നപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ